# ലോക്ക് ഡൗൺ കാലത്തു യാത്രചെയ്യുമ്പോൾ പാലിക്കേണ്ടതു എന്തൊക്കെ

## സംശയങ്ങളും ഉത്തരങ്ങളും



GOVERNMENT OF KERALA

ലോക്ക് ഡൗൺ ആണെങ്കിലും അവശ്യ
മേഖലയിൽ പ്രവർത്തിക്കുന്നവർക്ക്
വാഹനങ്ങൾ ഉപയോഗിക്കേണ്ടതായിവരുന്ന
സാഹചര്യങ്ങൾ നിലനിൽക്കുന്നു.



അങ്ങനെയുള്ളവർക്ക് പ്രായോഗികമായി
നടപ്പിൽ വരുത്താൻ എളുപ്പമുള്ള ചില
കാര്യങ്ങളും ഉണ്ട്.



# ലോക്ക് ഡൗൺ കാലത്തു സീറ്റ് ബെൽറ്റ് ധരിക്കേണ്ട ആവശ്യമുണ്ടോ ?

നിർബന്ധമായും ധരിക്കേണ്ടതുണ്ട്. ഒരു അപകടം ഉണ്ടാകാൻ ഉള്ള സാധ്യത എപ്പോഴുമുണ്ട് എന്ന് മനസ്സിൽ കരുതണം. കൂടാതെ ആശുപത്രിയിൽ അഡ്മിറ്റ് ആകാൻ പറ്റിയ സാഹചര്യമല്ല ഇപ്പോഴുള്ളത്.



## ലോക്ക് ഡൗൺ കാലത്ത് വാഹനങ്ങളിൽ യാത്രചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?




ലോക്ക് ഡൗൺ നിയമങ്ങളും നിർദേശങ്ങളും അനുസരിച്ച് അനുവദനീയമായ എണ്ണം വ്യക്തികൾ മാത്രം ഒരു കാറിൽ യാത്ര ചെയ്യുക. യാത്ര ചെയ്യുമ്പോൾ മാസ്ക് ഉപയോഗിക്കുക.

# ലോക്ക് ഡൗൺ കാലത്ത് വാഹനങ്ങളിൽ യാത്രചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ആരോഗ്യ പ്രവർത്തകരെ പലപ്പോഴും വാഹന സൗകര്യം ഒരുക്കി ഡ്രോപ്പ് ചെയ്യേണ്ടതായി വരാറുണ്ട്. സാധ്യമെങ്കിൽ അവർ സ്ഥിരമായി ഒരു സീറ്റിൽ മാത്രം ഇരിക്കുക. ആ സീറ്റ് മറ്റുള്ളവർ ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്.



# ലോക്ക് ഡൗൺ കാലത്ത് വാഹനങ്ങളിൽ യാത്രചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?



വാഹനങ്ങളിൽ നമ്മൾ സ്പർശിക്കുന്ന ഭാഗങ്ങൾ 70% ആൽക്കഹോൾ ഉള്ള സാനിറ്റൈസർ ഉപയോഗിച്ച് ഇടയ്ക്ക് വൃത്തിയാക്കുന്നത് നന്നാവും.

GOVERNMENT OF KERALA

# ലോക്ക് ഡൗൺ കാലത്ത് വാഹനങ്ങളിൽ യാത്രചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

**ആരോഗ്യ പ്രവർത്തകരും ജനങ്ങളുമായി കൂടുതൽ ഇടപെടുന്നവരും ഇരിക്കുന്ന സീറ്റുകളും ഇതുപോലെതന്നെ 70% ആൽക്കഹോൾ ഉള്ള സാനിറ്റൈസർ ഉപയോഗിച്ച് ഇടയ്ക്ക് വൃത്തിയാക്കുന്നത് നല്ലതാണ്.**



# ലോക്ക് ഡൗൺ കാലത്ത് വാഹനങ്ങളിൽ യാത്രചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

മഴ ഇല്ലെങ്കിൽ വാഹനത്തിന്റെ

ജനാലകൾ തുറന്നിട്ട് യാത്ര

ചെയ്യുന്നതാവും നന്ന്



GOVERNMENT OF KERALA

# ലോക്ക് ഡൗൺ കാലത്ത് വാഹനങ്ങളിൽ യാത്രചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?



വാഹനങ്ങൾ കൈമാറി ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്.

കൈമാറി ഉപയോഗിക്കുന്നു എങ്കിൽ സ്റ്റീയറിങ്ങും കീയും അണുവിമുക്തമാക്കാൻ ശ്രദ്ധിക്കുക. കൂടാതെ ഡോർ ഹാൻഡിലും.

# ലോക്ക് ഡൗൺ കാലത്ത് ഡ്രൈവിംഗ് പഠനം നടത്താമോ ?

ലോക്ക്ഡൗൺ നിലവിലുള്ള സ്ഥലങ്ങളിൽ

ഈ അവസരം പഠനത്തിനായി

ഉപയോഗിക്കരുത് . അവശ്യ

സേവനങ്ങൾക്ക് മാത്രമാണ് നിലവിൽ

ഇളവുകൾ ഉള്ളത്.




GOVERNMENT OF KERALA

# പോലീസ് വാഹനങ്ങൾ കണ്ടാൽ വഴിമാറി പോകണോ ?



അരുത്. അങ്ങനെ ഒരിക്കലും ചെയ്യാൻ പാടില്ല. ആവശ്യമുള്ള രേഖകൾ എപ്പോഴും വണ്ടിയിൽ കരുതുക. എന്താവശ്യത്തിനാണ് പോകുന്നത് എന്ന് പൂരിപ്പിച്ച സത്യവാങ്മൂലം കയ്യിൽ കരുതുക. പൊലീസ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ കാണിക്കുക. ഉദ്യോഗസ്ഥർ ഐ ഡി കാർഡ് കരുതുക.

## നിരന്തരം വാഹനങ്ങൾ മാറി മാറി ഉപയോഗിക്കേണ്ടി വരുന്ന പൊലീസ്, മറ്റ് സർക്കാർ വിഭാഗങ്ങൾ എന്നിവിടങ്ങളിൽ എന്തെങ്കിലും ശ്രദ്ധിക്കാനുണ്ടോ?

തീർച്ചയായും. യാത്ര ചെയ്യുന്നവർ വ്യക്തി ശുചിത്വം പാലിക്കുക. വാഹനത്തിൽ നിന്ന് ഇറങ്ങിയശേഷം കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക. നമ്മൾ സ്പർശിക്കുന്ന പ്രതലങ്ങളിൽ വൈറസ് സാന്നിധ്യം ഉണ്ടെങ്കിൽ പോലും ശരീരത്തിൽ വൈറസ് കയറരുത് എന്നതാവണം ലക്ഷ്യം.



# നിരന്തരം വാഹനങ്ങൾ മാറി മാറി ഉപയോഗിക്കേണ്ടി വരുന്ന പൊലീസ്, മറ്റ് സർക്കാർ വിഭാഗങ്ങൾ എന്നിവർ എന്തെങ്കിലും ശ്രദ്ധിക്കാനുണ്ടോ?



വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ കൈ മുഖത്ത് സ്പർശിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

മാസ്കുകൾ ഉപയോഗിക്കുക.



വാഹനങ്ങൾ മാറിമാറി ഓടിക്കുന്ന ഡ്രൈവർമാർ ഇത് പ്രത്യേകം ശ്രദ്ധിക്കുന്നത് നന്നാവും.

# പൊതുജനങ്ങൾ ടാക്സി ഉപയോഗിക്കുമ്പോൾ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത് ?



വ്യക്തി ശുചിത്വം പാലിക്കുക. കൈ മുഖത്ത് സ്പർശിക്കാതിരിക്കുക. വാഹനത്തിൽ നിന്നും ഇറങ്ങിയ ശേഷം കൈ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക. AC ഉപയോഗിക്കരുത്. വിൻഡോ ഗ്ലാസ്സുകൾ തുറന്നിടണം.

# കാറിനുള്ളിൽ എന്തെങ്കിലും സജ്ജീകരണം വേണ്ടതുണ്ടോ ?

എല്ലാ വാഹനങ്ങളിലും 70% ആൽക്കഹോൾ ഉള്ള സാനിറ്റൈസർ വെക്കുന്നത് നന്നാവും. വാഹനത്തിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും കൈകൾ വൃത്തിയാക്കുന്നത് നന്നാവും.



ചുമ, തുമ്മൽ, ജലദോഷം തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവർ മാസ്ക് ധരിക്കണം.



# ഇരുചക്ര വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ എന്തെങ്കിലും ശ്രദ്ധിക്കേണ്ടതുണ്ടോ ?




**ഹെൽമെറ്റ് ഉപയോഗിക്കുക, ഒരാൾ മാത്രം സഞ്ചരിക്കുക, അമിത വേഗത ഒഴിവാക്കുക, വാഹനങ്ങൾ കൈമാറി ഉപയോഗിക്കുന്നു എങ്കിൽ കൈപ്പിടി, സീറ്റ്, എന്നിവ അണുവിമുക്തമാക്കി ഉപയോഗിക്കണം, മാസ്ക് ധരിക്കുക, സത്യവാങ്ങ്മൂലം/ ഐ ഡി കാർഡ് കയ്യിൽ കരുതണം**

GOVERNMENT OF KERALA



# നന്ദി

GOVERNMENT OF KERALA